DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

18-10-2019

# കാർഷികമേഖലാവാർത്തകൾ

## ടെറേറിയത്തിൽ പരിശീലനം

കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള ഹൈടെക് റിസർച്ച് ആന്റ് ട്രെയിനിംഗ് യൂണിറ്റിൽ വച്ച് ഈ മാസം 25-ന് ടെറേറിയത്തിൽ ഒരു ദിവസത്തെ പരിശീലനം നടത്തുന്നു. പൂന്തോട്ട നിർമ്മാണത്തിന് സ്ഥലസൗകര്യം ഇല്ലാത്തവർക്ക് അവലംബിക്കാൻ കഴിയുന്ന ചില്ലു കൂട്ടിലെ ചെറിയ ഉദ്യാനങ്ങളാണ് ടെറേറിയങ്ങൾ. കൂടുതൽ വിവരങ്ങൾക്ക് 7736690639 എന്ന നമ്പരിൽ രാവിലെ 10 മണി മുതൽ ഒരു മണിവരെയും 2 മുതൽ 4 മണി വരെയും ബന്ധപ്പെടുക.

## പരിശീലനം

ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇന്ന് രാവിലെ 9 മണി മുതൽ കോട്ടയം ജില്ലാ പഞ്ചായത്തു ഹാളിൽ വച്ച് ഭക്ഷ്യ സുരക്ഷാ നിയമം സംബന്ധിച്ച് ജില്ലയിലെ 12 ക്ഷീരവികസന യൂണിറ്റുകളിൽ നിന്ന് തെരഞ്ഞെടുത്ത ക്ഷീര കർഷകർക്കായി ഒരു ഏകദിന പരിശീലന പരിപാടി നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ഭക്ഷ്യ സുരക്ഷാ നിയമത്തിന്റെ വിവിധ വകുപ്പുകളെക്കുറിച്ചും ഡെയറി ഫാമുകളിൽ ക്ഷീരകർഷകർ പാലിക്കേണ്ട ശുചിത്വ ക്രമത്തെക്കുറിച്ചും ക്ഷീരകർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിന് വേണ്ടി സംഘടിപ്പിക്കുന്ന ഈ പരിപാടിയിൽ

തെരഞ്ഞെടുക്കപ്പെട്ട എല്ലാ കർഷകരും പങ്കെടുക്കണമെന്ന് ക്ഷീരവികസന വകുപ്പ് കോട്ടയം ജില്ലാ ക്വിളിറ്റി കൺട്രോൾ ഓഫീസർ അറിയിച്ചു.

## തേനീച്ച വളർത്തലിൽ പരിശിലനം

തിരുവല്ല അതിരൂപതയുടെ സാമൂഹ്യസേവന വിഭാഗമായ ബോധനയുടെ കാർഷിക വിഭാഗത്തോടനുബന്ധിച്ചുളള തേനീച്ച വളർത്തൽ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 29, 30 തീയതികളിൽ രണ്ട് ദിവസത്തെ തേനീച്ച വളർത്തൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. ബോധന കേന്ദ്ര ഓഫീസിനോടനുബന്ധിച്ചുളള പരിശീലന കേന്ദ്രത്തിൽ വച്ചാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്. പ്രസ്തുത പരിശീലനത്തിന് തേനീച്ച കോളനി വിഭജനം, തേൻ സംസ്കരണം, കൃത്രിമമായി റാണി ഈച്ചയെ വളർത്തിയെടുക്കുന്ന രീതി, പഴയ റാണിയെ മാറുന്ന രീതി, പഴയ അടകൾ മാറുന്ന രീതി, മഴക്കാലത്തുളള തേനീച്ച സംരക്ഷണം തുടങ്ങി തേനീച്ച വളർത്തൽ സംബന്ധിച്ച വിവിധ വിഷയങ്ങളിൽ ക്ലാസ്സുകൾ ഉണ്ടായിരിക്കും. നല്ലയിനം നാടൻ തേനീച്ച കോളനികളും, ചെറുതേനീച്ച കോളനികളും, തേനീച്ച വളർത്തലിനാവശ്യമായ മറ്റെല്ലാ ഉപകരണങ്ങളും ബോധനയിൽ നിന്നും ലഭ്യമാണ്. രാവിലെ 10 മണിക്ക് ആരംഭിച്ച് വൈകിട്ട് 4 മണിക്ക് അവസാനിക്കുന്ന ഈ പരിശീലനത്തിന് ഭക്ഷണവും പഠനോപകരണങ്ങളും ഉൾപ്പെടെ 400 രൂപയാണ് ഫീസ്. ട്രെയിനിംഗിൽ പങ്കെടുക്കാൻ താത്പര്യമുളളവർ തിരുവല്ല പുഷ്പഗിരി റോഡിലുളള ബോധന കേന്ദ്ര ഓഫീസിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക്

ബോധന, തുകലശ്ശേരി,  പുഷ്പഗിരി റോഡ്, തിരുവല്ല, പത്തനംതിട്ട എന്ന വിലാസത്തിലോ 0469-2606063, 9744642523 എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

## അറിയിപ്പ്

കോട്ടയം ജില്ലയിലെ വാഴപ്പള്ളി ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പദ്ധതിയിലെ ആടുവളർത്തൽ പദ്ധതിയുടെ ഗുണഭോക്താക്കൾ ഈ മാസം 22 ന് മുമ്പായി ഗുണഭോക്തൃ വിഹിതം തുരുത്തി മൃഗാശുപത്രിയിൽ അടയ്ക്കണമെന്ന് വെറ്ററിനറി സർജൻ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0481-2321244 എന്ന നമ്പരിൽ ബന്ധപ്പെടുക.

## ക്ഷീരോല്പന്ന നിർമ്മാണ പരിശീലനം

ക്ഷീര വികസന വകുപ്പിന്റെ കോട്ടയം ക്ഷീര പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 10 ദിവസത്തെ ക്ഷീരോല്പന്ന നിർമ്മാണ പരിശീലന പരിപാടി ഈ മാസം 21 മുതൽ 31 വരെ  രാവിലെ 10 മണി മുതൽ വൈകിട്ട് 4 മണി വരെ ഈരയിൽക്കടവിൽ പ്രവർത്തിക്കുന്ന ക്ഷീര പരിശീലന കേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. രജിസ്ട്രേഷൻ ഫീസ് 135 രൂപ.

## റബ്ബറുത്പന്നങ്ങളുടെ വിശകലനം, റിവേഴ്സ് എഞ്ചിനീയറിങ് എന്നിവയിൽ പ്രത്യേക പരിശീലനം

റബ്ബറുത്പന്നങ്ങളുടെ വിശകലനം, റിവേഴ്സ് എഞ്ചിനീയറിങ് എന്നിവയിൽ റബ്ബർബോർഡ് പ്രത്യേക പരിശീലനം നൽകുന്നു. ഉയർന്ന

നിലവാരമുള്ള ഉപകരണങ്ങളുടെയും രാസവസ്തുക്കളുടെയും സഹായത്തോടെ റബ്ബറുത്പന്നങ്ങൾ സംഗ്രഥിച്ച് വിശകലനം ചെയ്യൽ, പോളിമറുകളെ തിരിച്ചറിയൽ തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിശീലനം ഒക്ടോബർ 22 മുതൽ 25 വരെ കോട്ടയത്തുള്ള റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ വച്ച് നടക്കും. റബ്ബർവ്യവസായം, ആർ&ഡി സ്ഥാപനങ്ങൾ, ഡിഫൻസ് ലബോറട്ടറികൾ തുടങ്ങിയ മേഖലകളിൽനിന്നുള്ളവർക്ക് പരിശീലനത്തിൽ പങ്കെടുക്കാം. പരിശീലനഫീസ് 8,000 രൂപ. പട്ടികജാതി-പട്ടികവർഗ്ഗത്തിൽപെട്ടവർക്ക്, ജാതിസർട്ടിഫിക്കറ്റ് ഹാജരാക്കുന്ന പക്ഷം, ഫീസിനത്തിൽ 50 ശതമാനം ഇളവു ലഭിക്കുന്നതാണ്. താമസസൗകര്യം ആവശ്യമുള്ളവർ ദിനംപ്രതി 300 രൂപ അധികം നൽകണം. പരിശീലനഫീസ് ഡയറക്ടർ ട്രെയിനിങ്, റബ്ബർ ട്രെയിനിങ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം - 686 009 എന്ന പേരിൽ അടയ്ക്കാവുന്നതാണ്. പണമടച്ചതിന്റെ വിശദാംശങ്ങളും അപേക്ഷകന്റെ ഫോൺ നമ്പരും ഇമെയിലായി training@ rubberboard.org.in-ലേക്ക് അയയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ **04812353127, 2353325.**